(സി) ആരോഗ്യ സുരക്ഷയ്ക്കായി പ്രത്യേക മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ എല്ലാ സെക്ടറിലും പ്രവർത്തിക്കുന്നുണ്ട്. വിദ്യാഭ്യാസത്തിനായി പെരിപ്പതറ്റിക് സ്കൂളുകളും, അംഗൻവാടികളും നിലവിലുണ്ട്. തൊഴിൽ പരിശീലനം ഈ പദ്ധതിയുടെ കീഴിൽ വരുന്നില്ല. വീടൊന്നിന് 3.5 ലക്ഷം രൂപ പ്രകാരം 2018 വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 1789 വീടുകൾ പൂർത്തിയായി. ശേഷിച്ച വീടുകളുടെ പണി പുരോഗമിച്ചുവരുന്നു. ജില്ലാകളക്ടർ ചെയർമാനായി ടി പദ്ധതികൾക്ക് മോണിറ്ററിംഗ് കമ്മിറ്റി, പദ്ധതി നടപ്പിലാക്കുന്ന എല്ലാ ജില്ലയിലും നിലവിലുണ്ട്. ടി കമ്മിറ്റി പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

**തിരൂർ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ ക്ഷേമവകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

254 (639) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ നിന്നും തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഓരോ പദ്ധതിക്കും ഇതേവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെയും വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

തിരൂർ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ കോളനികൾ നിലനിൽക്കുന്നില്ല. എന്നാൽ തിരൂർ മുനിസിപ്പാലിറ്റിയിൽ കാട്ടുനായ്ക്ക വിഭാഗത്തിൽപ്പെട്ട 4 കുടുംബങ്ങൾ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ താമസിക്കുന്നുണ്ട്. ഇവർക്ക് വകുപ്പിന്റെ ഭക്ഷ്യധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി അരി, പയർ എന്നിവ നൽകാറുണ്ട്. അതോടൊപ്പം "ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം" എന്ന പദ്ധതിയിൽ ഭൂമി കണ്ടെത്തി അപേക്ഷ സമർപ്പിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

**സംയോജിത സുസ്ഥിര വികസന പദ്ധതി**

255 (640) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗവിഭാഗത്തിൽപ്പെട്ട ജനങ്ങൾ അധിവസിക്കുന്ന തെരഞ്ഞെടുത്ത കോളനികളിൽ സംയോജിത സുസ്ഥിര വികസന പദ്ധതി നടപ്പിലാക്കുന്നതിന് 2014-15 ലെ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിരുന്ന തുക വിനിയോഗിച്ച് തെരഞ്ഞെടുക്കപ്പെട്ട ഏറ്റവും പിന്നോക്കം നിൽക്കുന്ന 14 കേന്ദ്രങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിന്റെ എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly